**ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

ആദായ നികുതി നിയമത്തിലെ 6-ാം വകുപ്പിലെ ഭേദഗതി നിർദ്ദേശം ഒഴിവാക്കണമെന്നത് സംബന്ധിച്ച്

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രവാസികൾക്ക് ആദായനികുതി ചുമത്തുന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിക്കൊണ്ട് 2020-21-ലേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റിന്റെ ഭാഗമായി ഫെബ്രുവരി 1-ാം തീയതി ലോക്സഭയുടെ മേശപ്പുറത്തുവച്ച ധനകാര്യ ബില്ലിൽ 1961-ലെ ആദായനികുതി നിയമത്തിന്റെ 6-ാം വകുപ്പിൽ 01-04-2021 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ മാറ്റം നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ ഒരു ഇന്ത്യൻ പൗരനോ ഇന്ത്യൻ വംശജനോ ഒരു സാമ്പത്തിക വർഷത്തിൽ 182 ദിവസമോ അതിൽ കൂടുതലോ ഇന്ത്യയിൽ താമസിക്കുന്ന ഘട്ടത്തിലാണ് ആദായനികുതിയുടെ കാര്യത്തിൽ റസിഡന്റ് (Resident) ആയി കണക്കാക്കപ്പെടുന്നത്. 2021 ഏപ്രിൽ 1 മുതൽ ഈ കാലാവധി '120 ദിവസമോ അതിൽ കൂടുതലോ' ആയി കുറയ്ക്കാനാണ് ഭേദഗതി നിർദ്ദേശം.

ടാക്സ് വെട്ടിപ്പ് തടയാനാണെന്ന നിലയിൽ കൊണ്ടുവന്ന ഈ നിർദ്ദേശം

കേരളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കാൻ പോകുന്ന വലിയൊരു വിഭാഗം പ്രവാസികൾക്ക് അവരുടെ കുടുംബത്തോടൊപ്പം വന്നു തങ്ങാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കും. വരുമാന നികുതി വെട്ടിക്കാനല്ല, മറിച്ച്, കുടുംബപരമായ ആവശ്യങ്ങൾക്കാണ് അവർ ഇപ്രകാരം രാജ്യത്ത് വന്ന് തങ്ങുന്നത്.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ജോലിയെടുക്കുന്ന ചെറുകിട ബിസിനസ് സംരംഭകരുടെ വരുമാനം ഗണ്യമായി കുറയ്ക്കുന്നതിന് ഇത് ഇടവരുത്തും. 240 ദിവസമെങ്കിലും വിദേശത്ത് തങ്ങിയാൽ മാത്രമേ അവർക്ക് നോൺ റസിഡന്റ് സ്റ്റാറ്റസ് നിലനിർത്താനാകൂ. നിലവിൽ ഇതിന് 182 ദിവസം മതിയാകും. എണ്ണ റിഗ്ഗുകളിലും മറ്റും തൊഴിൽ ചെയ്യുന്ന വ്യക്തികൾ ഒരു മാസം ഓഫ് ഡ്യൂട്ടിയായി നാട്ടിൽ വരാറുണ്ട്. ഇവരെയും ഈ ഭേദഗതി പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയുണ്ട്.

കേരളത്തിന്റെ സാമ്പത്തികരംഗത്ത് ഗണ്യമായ സംഭാവന നൽകുന്നവരാണ് വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ ഏകദേശം 15 ശതമാനത്തോളം വരും ഇപ്രകാരം ലഭിക്കുന്ന പുറംവരുമാനമെന്നാണ്

കണക്കാക്കിയിട്ടുള്ളത്. പ്രവാസികൾ നാട്ടിൽ വന്നുപോകുമ്പോൾ നടത്തുന്ന ഉപഭോഗവും മറ്റ് ചെലവുകളും നമ്മുടെ വ്യവസായ വ്യാപാര മേഖലയുടെ വളർച്ചയുടെ ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഇതുണ്ടാക്കുന്ന ഉണർവ് ഒട്ടും ചെറുതല്ല. ദേശീയ സാമ്പത്തിക രംഗത്തുള്ള മാന്ദ്യം കൂടി കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ ഭേദഗതി നിർദ്ദേശം നടപ്പായാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വലിയ തിരിച്ചടി നേരിടും.

ഇതുകൂടാതെ, മറ്റേതെങ്കിലും വിദേശരാജ്യത്ത് ടാക്സ് നൽകാത്ത ഇന്ത്യൻ പൗരനെ ഇന്ത്യൻ പൗരനായി കണക്കാക്കി ടാക്സ് ചുമത്തുമെന്ന 1961-ലെ ആദായ നികുതി നിയമത്തിന്റെ വകുപ്പ് 6-നുള്ള ഭേദഗതി നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. വ്യക്തിഗത ആദായനികുതിയോ ഇന്ത്യയുമായി ഇരട്ട നികുതി ഉടമ്പടി കരാറോ ഇല്ലാത്ത രാജ്യങ്ങളിൽ ജോലി ചെയ്യുന്ന സാധാരണക്കാർക്ക് ഇത് ദോഷകരമായിത്തീരും. നമ്മുടെ നാടിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക സാമ്പത്തികമേഖലകളിൽ സർക്കാരിന്റെ ഇടപെടൽശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വെളിപ്പെടുത്താത്ത

വരുമാനത്തിനും അനധികൃതമായി പണം കടത്തുന്നതിനും ആദായനികുതി വെട്ടിക്കുന്നതിനും കർശനമായ നടപടി ആവശ്യമാണെന്നത് അംഗീകരിക്കുമ്പോൾതന്നെ സാധാരണക്കാരും പരിമിത വരുമാനക്കാരുമായ പ്രവാസികളെ ഈ നിയമഭേദഗതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കാനാവശ്യമായ നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബഡ്ജറ്റ് പ്രഖ്യാപിച്ച ഉടൻ, സംസ്ഥാന സർക്കാർ ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കേന്ദ്ര സർക്കാർ ഫെബ്രുവരി 2-ാം തീയതിയിലെ പ്രസ് റിലീസ് മുഖാന്തരം 'മറ്റ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന ഇന്ത്യൻ പൗരന്മാരെ നികുതിവലയത്തിൽ ഉൾപ്പെടുത്തുന്ന ഉദ്ദേശത്തോടെയല്ല ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്ന് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ധനബിൽ 2020-ലെ നിർദ്ദേശങ്ങൾ 1961-ലെ ആദായനികുതി നിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടാൽ മറിച്ചൊരു സ്ഥിതിവിശേഷം ആയിരിക്കും ഉണ്ടാകുക.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് 2020-ലെ ധനകാര്യ ബില്ലിൽ പ്രവാസികളെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലുള്ളവരെ ദോഷകരമായി ബാധിക്കുന്ന 1961-ലെ ആദായനികുതി നിയമത്തിലെ 6-ാം വകുപ്പ് ഭേദഗതി ചെയ്യാനുള്ള നിർദ്ദേശം ഒഴിവാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് ഈ

സഭ ആവശ്യപ്പെടുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയ്ക്ക് മുൻപായി താഴെ പറയുന്ന ഖണ്ഡിക ചേർക്കുക:

" പ്രവാസികളുടെ നാട്ടിലെ വരുമാനം ഇപ്പോൾ തന്നെ നികുതി ഘടനയ്ക്ക് വിധേയമായതിനാൽ മേൽപ്പറഞ്ഞ ഒരു ഭേദഗതി തന്നെ അപ്രസക്തമാണ്. ഈ ഭേദഗതി നീക്കം ചെയ്യില്ലെങ്കിൽ നാളെ മറ്റ് തരത്തിൽ ഇത് തെറ്റായി വ്യാഖ്യാനിച്ച് പ്രവാസികൾ വിദേശത്ത് സമാഹരിക്കുന്ന വരുമാനത്തിന് തന്നെ നികുതി ഈടാക്കാനുള്ള സ്ഥിതിവിശേഷം ഉണ്ടാകാനിടയുണ്ട്"

ഈ പ്രമേയത്തോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. എത്രമാത്രം ലാഘവബുദ്ധിയോടെ കേന്ദ്രസർക്കാർ ബിൽ തയ്യാറാക്കി എന്നതിന്റെ തെളിവാണിത്. ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയ വ്യവസ്ഥ, അതായത്, ഇന്ത്യയിൽ താമസിക്കുന്ന പ്രവാസികൾ ഇപ്പോൾ ടാക്സബിളാണ്. വിദേശത്തെ

വരുമാനത്തിന് ടാക്സ് ഏർപ്പെടുത്തുന്നതിനാണ് അവർ ആദ്യം ഉദ്ദേശിച്ചിരുന്നത്. വിമർശനം ഉണ്ടായപ്പോൾ പിന്മാറിയതാണ്. പക്ഷേ അത് ധനകാര്യബില്ലിൽ നിന്നും മാറ്റം വരുത്തിയില്ലെങ്കിൽ.... ഒരു പ്രസ് റിലീസ് കൊണ്ട് മാറ്റം വരുത്താവുന്ന കാര്യമല്ല അത്.

നമ്മുടെ ഏറ്റവും വലിയ അസെറ്റാണ് പ്രവാസി മലയാളികൾ. കേന്ദ്രസർക്കാരിന്റെ ഈ സമീപനം തെറ്റാണ്. ലാഘവ ബുദ്ധിയോടുകൂടിയാണ് പ്രവാസികളിൽ നിന്നും ടാക്സ് ഏർപ്പെടുത്താൻ തീരുമാനിച്ചത്. ദയവായി ഈ നീക്കത്തിൽ നിന്നും പിന്തിരിയുന്നതിനുവേണ്ടി ശക്തമായി അഭിപ്രായപ്പെടണം. അവർ പൊന്മുട്ട ഇടുന്ന താറാവിനെ കൊല്ലാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് ഈ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു. തീർച്ചയായും ഇതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വിദേശത്ത് ജോലി ചെയ്യുന്ന മലയാളി പ്രവാസികൾക്ക് വലിയ ഒരാശങ്ക കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമന്റെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ഉണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇ. പി. ജയരാജൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തോട് എല്ലാവർക്കും യോജിപ്പ് തന്നെയാണ്.

പ്രവാസികൾക്ക് ഇന്ത്യയിൽ നികുതി ഏർപ്പെടുത്താനുള്ള നീക്കം അപ്രായോഗികമാണ്. അതോടൊപ്പം തന്നെ പ്രവാസി എന്ന പദവിയെ തന്നെ വെല്ലുവിളിക്കുകയാണ്. ഗൾഫിൽ മാത്രമല്ല, ലോകത്തെമ്പാടുമുള്ള ഇന്ത്യക്കാരായ പ്രവാസികൾക്ക് വളരെ പ്രതിസന്ധിയുണ്ടാക്കുന്ന ഒരു നിർദ്ദേശമാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുകയാണ് എന്നുപറയുകയും അതേ സമയം കേന്ദ്ര ഗവൺമെന്റ് പ്രവാസികളെ ദ്രോഹിക്കുകയുമാണ് ചെയ്യുന്നത്. 120 ദിവസത്തിൽ കൂടുതൽ നാട്ടിൽ നിന്നാൽ പ്രവാസി പദവി നഷ്ടപ്പെടും. നേരത്തേ 182 ദിവസം നിൽക്കാമായിരുന്നു. മർച്ചന്റ് നേവിയിൽ ജോലി ചെയ്യുന്നവർക്കും ഓയിൽ കമ്പനികളുടെ റിഗ്ഗുകളിൽ പണിയെടുക്കുന്നവർക്കും 6 മാസത്തോളം നാട്ടിൽ നിൽക്കാൻ സാധിക്കും. അതോടൊപ്പം വിദേശത്തും നാട്ടിലും ബിസിനസ് നടത്തുന്നവർക്കും നാട്ടിൽ 6 മാസം നിൽക്കേണ്ടിവരും. അവർക്ക് പ്രവാസി പദവി നഷ്ടപ്പെടുക എന്നുപറയുന്നത് വിഡ്ഢിത്തവും ക്രൂരവുമായ ഒരു നടപടി തന്നെയാണ്. ഗൾഫ് രാജ്യങ്ങളിൽ ഇപ്പോൾ നികുതിയില്ല. അടുത്ത സമയത്താണ് ചില രാജ്യങ്ങളിൽ വാറ്റ് ഏർപ്പെടുത്തിയത്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും നികുതി കൊടുക്കണം. അങ്ങനെ

വരുമ്പോൾ  ഇരട്ട നികുതി അവർ കൊടുക്കേണ്ടിവരും. മാത്രമല്ല, ഗൾഫിൽ ജോലി ചെയ്യുന്ന ഒരാളെ സംബന്ധിച്ചിടത്തോളം അല്ലെങ്കിൽ  ബിസിനസ് നടത്തുന്ന ഒരാൾക്ക് നാട്ടിൽ യാതൊരു പ്രവർത്തനങ്ങളുമില്ലെങ്കിൽ എങ്ങനെയാണ് അദ്ദേഹം നികുതി അടയ്ക്കുന്നത്; കാരണം നികുതി അടയ്ക്കേണ്ടത് വരുമാനത്തിൽ നിന്നുമാണ്. വരുമാനം കാണിക്കാൻ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിൽ സമർപ്പിക്കേണ്ടത് വരുമാനം ലഭിക്കുന്ന സോഴ്സിന്റെ രേഖകളാണ്. ആ രേഖകൾ  ഉണ്ടെങ്കിൽ മാത്രമേ നികുതി അടയ്ക്കാൻ കഴിയുകയുള്ളൂ. ഗൾഫിലെ ഒരു ബ്രിട്ടീഷ് കമ്പനിയിൽ ജോലി ചെയ്യുന്ന ഒരാൾ എങ്ങനെയാണ് ആ കമ്പനി നൽകുന്ന വരുമാനരേഖകൾ ഇവിടെ സമർപ്പിക്കുന്നത്;  അത് ഇവിടെ എങ്ങനെ വാലിഡാകും; അത് ഇല്ലാതെ വെറുതെ ബാങ്കിൽ പണത്തിന് നികുതി നൽകുക എന്നുള്ളതാണോ ഗവൺമെന്റ് ആലോചിക്കുന്നത്. ഒരു വ്യക്തതയുമില്ലാത്തതാണിത്. അപ്രായോഗികവും ക്രൂരവുമാണിത്. ഗൾഫ് മേഖലയിൽ മാത്രം 20 ലക്ഷത്തോളം മലയാളി പ്രവാസികളുണ്ട്. ഇവരെ  നക്ഷത്രമെണ്ണിക്കാനുള്ളൊരു നീക്കമായി ഇതിനെ കാണേണ്ടിവരും. മാത്രമല്ല ഇത്തവണത്തെ ബഡ്ജറ്റ് പരിശോധിച്ചുനോക്കിയാൽ  ഇൻകം ടാക്സിന്റെ സ്ലാബ് തന്നെ വളരെ

ആശയക്കുഴപ്പത്തിലാണ്. ഇത് നമ്മളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് ഇന്ത്യക്കാരായ പ്രവാസികളെ സംബന്ധിച്ചിടത്തോളം ഒരു തിരിച്ചടിയാണ്. ഇത് പിൻവലിക്കണം. നമ്മൾ അവരെ സംരക്ഷിക്കേണ്ടതിനുപകരം ദ്രോഹിക്കുന്ന ഈ നടപടി കേന്ദ്ര ഗവൺമെന്റ് പിൻവലിക്കണമെന്നുള്ളതാണ്. ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ഈ പ്രമേയത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും ബഡ്ജറ്റ് രേഖ പുറത്തുവന്നപ്പോഴും അവ്യക്തത ഉണ്ടെന്നുള്ള കാര്യം വ്യക്തമാണ്. പക്ഷേ അതിനുശേഷം ധനകാര്യ മന്ത്രാലയം ചില കാര്യങ്ങളിൽ ക്ലാരിറ്റി വരുത്തിയിട്ടുണ്ട്. ക്ലാരിറ്റി വരുത്തിയ കാര്യങ്ങൾ നമ്മുടെ നിയമസഭ ഒരു പ്രമേയത്തിൽ ഉൾക്കൊള്ളിക്കുന്നതിൽ ഒരു impropriety ഉണ്ട്.

<u>മി. സ്പീക്കർ</u>: ഓറലായി പറഞ്ഞിട്ടല്ലേയുള്ളൂ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അതാണ് ഞാൻ പറഞ്ഞത്. ക്ലാരിറ്റി വന്നിട്ടുണ്ട്. അത് വീണ്ടും ഒരു നിയമസഭ പാസ്സാക്കുന്ന പ്രമേയം എന്നുപറയുന്നത്.....

<u>മി. സ്പീക്കർ</u>: അവർ ഒരു ഓറൽ സ്റ്റേറ്റ്മെന്റ് കൊടുക്കുകയല്ലേ ചെയ്തത്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അല്ല. അവർക്കിപ്പോൾ അതല്ലേ പറ്റുകയുള്ളൂ. ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞ് ബഡ്ജറ്റിന്റെ ചർച്ചയുടെ അവസാന സമയത്തല്ലേ അതിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ധനകാര്യ മന്ത്രാലയം ടാക്സിന്റെ കാര്യത്തിൽ ക്ലാരിറ്റി വരുത്തിയിട്ടുണ്ട്. ക്ലാരിറ്റി വരുത്തിയ കാര്യം നമ്മൾ ഒരു പ്രമേയത്തിൽ ഉൾക്കൊള്ളിക്കുന്നതിൽ ഒരു impropriety ഉണ്ട്. ഞാൻ അത് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. അത് പറയാനുള്ള അവകാശം എനിക്കില്ലേ; നിയമസഭ സംയുക്തമായി പാസ്സാക്കുന്ന ഒരു പ്രമേയം ആണെന്നുള്ള കാര്യം കൂടി നമ്മുടെ മനസ്സിൽ വേണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ ഒരു സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രിയുടെയും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെയും അടുത്ത് വന്നുവെന്നുള്ളത് ശരിയാണ്. പക്ഷേ അതിൽ ക്ലാരിറ്റിയായി എന്ന് പറയാൻ കഴിയില്ല, കാരണം ബഡ്ജറ്റ് രേഖയിൽ അത് നിലനിൽക്കുകയാണ്. അതുകൊണ്ട് തന്നെ ഈ പ്രമേയം പാസ്സാക്കുന്നതിൽ തെറ്റില്ലെന്നാണ് എന്റെ അഭിപ്രായം. മാത്രമല്ല, വിദേശത്ത് ജോലി ചെയ്യുന്ന ആളുകൾ അവിടെ സമ്പാദിക്കുന്ന വരുമാനത്തിന് ഇവിടെ നികുതി കൊടുക്കേണ്ടതില്ല എന്നുള്ള വിശദീകരണമാണ് വന്നിട്ടുള്ളത്. ഇവിടെ ഒരു

പ്രവാസി ആശുപത്രി ആരംഭിച്ച് പ്രവർത്തനം നടത്തുമ്പോൾതന്നെ നികുതി കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ഒരു അവ്യക്തത ആ വിശദീകരണത്തിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ഈ പ്രമേയത്തിൽ അവ്യക്തത ഇല്ലെന്നാണ് എന്റെ നിഗമനം.

ഡോ. എം. കെ. മുനീർ: സർ, 1990 കാലഘട്ടത്തിൽ സി.ഡി.എസ്. (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) നടത്തിയിട്ടുള്ള ഒരു പഠനത്തിൽ പറഞ്ഞിട്ടുള്ളത് കേരളത്തിൽ വന്നിട്ടുള്ള വിദേശ നിക്ഷേപം കേരളത്തിലെ ബഡ്ജറ്റ് പ്രൊവിഷന്റെ രണ്ടിരട്ടിയാണെന്നാണ്. അത്രമാത്രം നമുക്കുവേണ്ടി വിദേശ നിക്ഷേപത്തിലൂടെ നമ്മെ സഹായിക്കുന്ന പ്രവാസികളെ കേന്ദ്ര ഗവൺമെന്റ് ഇതുപോലെ അവഗണിക്കുക മാത്രമല്ല, ദ്രോഹിക്കാനുള്ള തീരുമാനമാണ് എടുത്തിരിക്കുന്നത്. അവർക്ക് എത്രദിവസം നാട്ടിൽ തങ്ങാൻ പറ്റുമെന്നുള്ളതാണ് ഇതിലുള്ള അവ്യക്തതയെന്ന് പറയുന്നത്. അവർ എന്തെങ്കിലും അത്യാവശ്യത്തിനായി നാട്ടിൽ വരും. ഒരു വർഷത്തിനുള്ളിൽ 120 ദിവസം ഇവിടെ നിൽക്കാൻ പാടില്ല, നിന്നുകഴിഞ്ഞാൽ ടാക്സ് കൊടുക്കേണ്ടി വരുമെന്നുപറയുന്നതിന്റെ അവ്യക്തത തീർത്തേ മതിയാകൂ. ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ ഇത് എവിടെ ജോലി

ചെയ്യുന്നതിന്റെ വരുമാനത്തിനാണ് ടാക്സ് ഈടാക്കുന്നത്? വിദേശത്ത് ജോലി ചെയ്യുന്നതിന്റെ വരുമാനത്തിനാണോ അതോ അവർ ഇവിടെ നടത്തുന്ന ഏതെങ്കിലും ഒരു ബിസിനസ്സിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്മേലാണോ ടാക്സ് നൽകേണ്ടത്. അതുകൊണ്ട് ധനകാര്യ മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിനുള്ള മറുപടി പറയുന്ന സമയത്ത് ഈ പ്രമേയം എന്തുകൊണ്ടും ഗുണം ചെയ്യും. അതുകൊണ്ട് ഇതിന്റെ കൂടെ ഞങ്ങളുടെ പൂർണ്ണ പിന്തുണയുണ്ടെന്ന് അറിയിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ പ്രമേയത്തെ എല്ലാവരും അംഗീകരിക്കുകയാണ്. ഇവിടെയുള്ള ഗുരുതരമായ വിഷയം, 182 ദിവസത്തിൽ കൂടുതൽ നാട്ടിൽ നിൽക്കുന്ന ഒരാൾക്ക് പ്രവാസി സ്റ്റാറ്റസ് നഷ്ടപ്പെടുമെന്നാണ് ആദ്യമുണ്ടായിരുന്നത്. അതിപ്പോൾ കുറച്ച് 120 ദിവസമാക്കി. 182 ദിവസം ആയിരുന്നപ്പോൾത്തന്നെ ധാരാളം പ്രവാസികൾക്ക് നോട്ടീസ് വന്നിട്ടുണ്ട്. അതായത് 182 ദിവസത്തിൽ ഒരു ദിവസം കൂടിയിട്ടുണ്ടെങ്കിൽ അവർ 40 ശതമാനം ടാക്സ് കൊടുക്കണമെന്നുപറഞ്ഞാണ് നോട്ടീസ് വന്നിട്ടുള്ളത്. ഇത് പ്രവാസികളെ ദ്രോഹിക്കുന്ന സംഗതിയായതിനാൽ ഈ പ്രമേയം നൂറ് ശതമാനവും ഇതേപടിതന്നെ അംഗീകരിക്കണമെന്നാണ് പറയാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാന്യരായ പ്രതിപക്ഷ നേതാവും ഉപനേതാവും ഇതുതന്നെയാണ് പറഞ്ഞത്. ഇവിടെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച കാര്യം ഇന്ത്യൻ പാർലമെന്റിൽ ഒരു സജീവ വിഷയമായി ഉയർന്നുവരണം. പാർലമെന്റിൽ മാത്രമല്ല ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ, അതായത് പഞ്ചാബിൽനിന്നുമൊക്കെ ധാരാളം ആളുകൾ കാനഡയിലും മറ്റ് വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്നുണ്ട്. ഇന്ത്യയിലാകെ സജീവമായ ചർച്ചാ വിഷയമാകണമെങ്കിൽ നമ്മൾതന്നെ ഉയർത്തിക്കൊണ്ടുവരണം. അത് നിർവ്വഹിക്കാൻ ഇപ്പോൾ നമുക്ക് സാധിക്കും. അതാണ് ഇതിന്റെ പ്രസക്തിയെന്ന് പറയുന്നത്. അതുകൊണ്ട് അദ്ദേഹം ഉന്നയിക്കപ്പെട്ട കാര്യങ്ങൾ തള്ളിക്കളയുകയല്ല, പക്ഷേ.....

മി. സ്പീക്കർ: അത് പ്രമേയത്തിന്റെ അവസാനഭാഗത്ത് മെൻഷൻ ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, പ്രമേയത്തിൽ അത് മെൻഷൻ ചെയ്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അതിന്റെ കണ്ടന്റിൽ കുഴപ്പമില്ല, ഡ്രാഫ്റ്റിംഗ് ശരിയല്ലെന്നാണ് പറഞ്ഞത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, രണ്ടാമത്തേത്, ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച ഭേദഗതി അംഗീകരിച്ചാലുള്ള പ്രശ്നം പ്രവാസികളെ റസിഡന്റായി കണക്കാക്കുമ്പോൾ അവരുടെ വിദേശ വരുമാനവും ടാക്സിന്റെ പരിധിക്കകത്ത് വരും. ഈ പറയുന്ന വാചകത്തിൽ ഇങ്ങനെയൊരു അപകടം പതിയിരിപ്പുള്ളതിനാൽ ആ അഭിപ്രായം ദോഷകരമായിരിക്കും. അതുകൊണ്ട് പ്രസ്തുത ഭേദഗതി പ്രസക്തമല്ല. ഈ നിലയിൽ പ്രമേയം അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി അങ്ങ് പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.............

**പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.**